# പതിമൂന്നാം കേരള നിയമസഭ

## (പതിനൊന്നാം സമ്മേളനം)

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 6262 08/07/2014-ൽ മറുപടിയ്ക്ക്

## ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിന് നടപടി

| ചോദ്യം<br>ശ്രീ. ബാബു എം. പാലിശ്ശേരി : | മറുപടി<br>ശ്രീ. കെ. ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
|---|---|
| (എ) സംസ്ഥാനത്ത് കടലിൽ നിന്നും ലഭിക്കുന്ന മത്സ്യത്തിന്റെ അളവ് ഗണ്യമായി കുറഞ്ഞുവരുന്നുവെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഏതെല്ലാം മത്സ്യങ്ങളുടെ ലഭ്യതയിലാണ് കുറവുവന്നിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; | (ബി) പ്രധാനമായും മത്തി, ചാള, ചൂര, നെയ്മീൻ , ആവോലി, കാര , കറ്റ, തിരുത, മാന്തൽ, ഞണ്ട്, റാൾകൊഞ്ച്, കണവ, കൊഞ്ച് എന്നിവയുടെ ലഭ്യതയാണ് 2012 – ലെ മത്സ്യലഭ്യതയുമായി താരതമ്യം ചെയ്യുമ്പോൾ കുറവായിട്ടുള്ളത്. CMFRI –യുടെ റിപ്പോർട്ട് പ്രകാരം ചാള, കിളിമീൻ, ചെമ്മീൻ, മാന്തൾ, നെയ്മീൻ എന്നീ ഇനങ്ങളിൽ ചാളയുടെ ലഭ്യത 2012– നെ അപേക്ഷിച്ച് 1.53 ലക്ഷം ടൺ (38%) കുറവാണ്. അതുപോലെ കിളിമീൻ 17,000 ടൺ(29%), ചെമ്മീൻ(11,000 ടൺ)(27%), മാന്തൾ 9,000 ടൺ(41%),നെയ്മീൻ 8,000 ടൺ(73%) എന്നിങ്ങനെ കുറവാണ്. |
| (സി) കടൽമത്സ്യത്തിന്റെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് ഉൾനാടൻ മത്സ്യകൃഷി വ്യാപകമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ? | (സി) ഉൾനാടൻ മത്സ്യകൃഷി വ്യാപിക്കുന്നതിനും ഉൾനാടൻ മത്സ്യോല്പാദനം വർദ്ധിപ്പിക്കുന്നതിനുമായി മത്സ്യസമൃദ്ധി പദ്ധതി നടപ്പിലാക്കി വരുന്നു. മൂന്നു വർഷം കൊണ്ട് ഉൾനാടൻ മത്സ്യോല്പാദനം 1.5 ലക്ഷം ടണ്ണിൽ നിന്നും 2.5 ലക്ഷം ടണ്ണായി വർദ്ധിപ്പിക്കാനാണ് ഈ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്.<br><br>മത്സ്യകർഷക വികസന ഏജൻസി മുഖേനയും ഉൾനാടൻ മത്സ്യകൃഷി നടപ്പിലാക്കി വരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ ജലകൃഷി വികസനത്തിനായി നിരവധി പദ്ധതികൾ ആവിഷ്ക്കരിച്ച് അഡാക്ക് മുഖേന നടപ്പാക്കി വരുന്നു. ഇവയിൽ കോൾ നിലങ്ങൾ, പൊക്കാളി നിലങ്ങൾ, കുട്ടനാടൻ പാടശേഖരങ്ങൾ, കൈപ്പാട് നിലങ്ങൾ എന്നിവയിലെ ഒരു നെല്ലും, ഒരു മീനും പദ്ധതി കൂടുകളിലെ മത്സ്യക്കൃഷി, വള്ളങ്ങളിലെ മത്സ്യക്കൃഷി എന്നിവ ഉൾപ്പെടുന്നു. തിരുവനന്തപുരം ജില്ലയിലെ വെള്ളായണി കായലിലും, വേമ്പനാട് കായലിലെ പാതിരാമണലിലും മത്സ്യസങ്കേതങ്ങൾ (fish sanctuary) സ്ഥാപിക്കാനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. |

സംസ്ഥാനത്തെ അണക്കെട്ടുകളിലും മറ്റു പൊതു ജലാശയങ്ങളിലും മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി നാഷണൽ ഫിഷറീസ് ഡെവലപ്പ്മെന്റ് ബോർഡിന്റെ (എൻ.എഫ്.ഡി.ബി) സാമ്പത്തിക സഹായത്തോടുകൂടി റാഞ്ചിംഗ് നടത്തിവരുന്നു. കൂടാതെ രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതി മുഖേനയും വിവിധ ജില്ലകളിൽ മത്സ്യ/ ആറ്റുകൊഞ്ച്കൃഷി നടപ്പാക്കി വരുന്നു. മത്സ്യസമ്പത്ത് വർദ്ധിപ്പിക്കുന്നതിനായി കായലുകളിൽ കൂടുകളിലെ മത്സ്യകൃഷി, കേരളത്തിലെ തെരെഞ്ഞെടുക്കപ്പെട്ട സ്ഥലങ്ങളിൽ, മത്സ്യകർഷകരെ പങ്കെടുപ്പിച്ചുകൊണ്ട് സി.എം.എഫ്.ആർ.ഐ നടത്തി വരുന്നു.

സെക്ഷൻ ആഫീസർ